(എഫ്) ബ്ലോക്ക് പഞ്ചായത്തുകൾക്ക് കൈമാറിയ ഹോസ്റ്റലുകളുടെ സ്ഥിതി വിലയിരുത്തിയിട്ടുണ്ടോ ;

(ജി) പ്രസ്തുത ഹോസ്റ്റലുകളുടെ സ്ഥിതി മെച്ചപ്പെട്ടിട്ടുണ്ടോ ; ഇല്ലെങ്കിൽ അവയുടെ പ്രവർത്തനം നന്നാക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(എച്ച്) സംസ്ഥാനത്ത് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകൾ നിർത്തലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ?

പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ.കെ. രാധാകൃഷ്ണൻ) :

(എ) പരിശോധിച്ചിട്ടുണ്ട്.

(ബി) വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകളിലെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ബാധകമല്ല.

(എഫ്) പട്ടികജാതി വികസന വകുപ്പിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയ ഹോസ്റ്റലുകളുടെ സ്ഥിതി സർക്കാർ വിലയിരുത്തിയിട്ടുണ്ട്.

(ജി) ഹോസ്റ്റലുകളുടെ സ്ഥിതി മെച്ചപ്പെട്ടിട്ടുണ്ട്.

(എച്ച്) മോഡൽ റസിഡൻഷ്യൻ സ്കൂളുകൾ എല്ലാ ജില്ലകളിലും തുടങ്ങി കഴിഞ്ഞാൽ സൗകര്യമില്ലാത്ത വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന പ്രീമെട്രിക് ഹോസ്റ്റലുകൾ നിർമ്മിക്കുന്ന കാര്യം പരിഗണിക്കും.

വൈദ്യുതി മേഖലയുടെ പുരോഗതിക്കായി വിദേശ ഏജൻസികളിൽ നിന്നും വായ്പ

30(*210) ശ്രീ. ആർ. ബാലകൃഷ്ണപിള്ള :
ശ്രീ. ടി. എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി മേഖലയുടെ പുരോഗതിക്കായി ഏഷ്യൻ ഡെവലപ്പ്മെന്റ് ബാങ്കിൽ നിന്നോ മറ്റേതെങ്കിലും വിദേശ ഏജൻസികളിൽ നിന്നോ വായ്പ എടുക്കുന്നതിനായിട്ടുള്ള ചർച്ചകൾ നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിലവിലുള്ള പവർ പ്രോജക്ടുകളുടെ വികസനത്തിനായി പണം കണ്ടെത്തുവാൻ ഏതെങ്കിലും ഏജൻസികൾ വഴി സർക്കാർ ശ്രമിക്കുന്നുണ്ടോ ;

(സി) എ.ഡി.ബി. യുടെ വായ്പ ലഭിക്കുന്നതിന് ഏതെല്ലാം തലങ്ങളിലുള്ള ചർച്ചകൾ നടന്നിട്ടുണ്ട് ;

(ഡി) നിലവിലുള്ള നിയമത്തിനോ ചട്ടങ്ങൾക്കോ മാറ്റം ഉണ്ടാകണമെന്നുള്ള നിർദ്ദേശം അവർ മുന്നോട്ട് വച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് അംഗീകരിക്കാൻ ഗവൺമെന്റ് ഏതെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) ഏഷ്യൻ ഡെവലപ്പ്മെന്റ് ബാങ്കിൽ നിന്നും വായ്പ എടുക്കുന്നതിനുള്ള ചർച്ചകൾ നടത്തിയിരുന്നു. കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ പദ്ധതികളെക്കുറിച്ച് ധാരണ ഏഷ്യൻ ഡെവലപ്പ്മെന്റ് ബാങ്ക് അധികൃതർക്ക് ഉണ്ടാക്കികൊടുക്കുക എന്നതായിരുന്നു ചർച്ചയുടെ ഉദ്ദേശ്യം.

(ബി) നിലവിലുള്ള പവർ പ്രോജക്ടുകളുടെ പൂർത്തീകരണത്തിനായി ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പയും, സർക്കാർ വായ്പയും, ബോണ്ടുകൾ മുഖാന്തിരം ബോർഡ് സ്വരൂപിക്കുന്ന പണവുമാണ് ഉപയോഗിക്കുന്നത്.

(സി) 12-2-2000-ൽ ഗവൺമെന്റ് തലത്തിൽ എ.ഡി.ബി. യുമായി ചർച്ച നടന്നു. ബോർഡും കൂടി ചർച്ചകളിൽ പങ്കാളിയായിരുന്നു.

(ഡി) ഇക്കാര്യത്തിൽ അന്തിമ തീരുമാനമായിട്ടില്ല.

(2) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പിന്നോക്കക്ഷേമ വകുപ്പ് രൂപീകരിക്കാൻ നടപടി

1(904) ശ്രീ. അടൂർ പ്രകാശ് :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിന്നോക്ക വിഭാഗക്ഷേമത്തിനായി സംസ്ഥാനത്ത് പിന്നോക്ക ക്ഷേമ വകുപ്പ് രൂപീകരിക്കാൻ ഇത് വരെ എന്ത് നടപടി സ്വീകരിച്ചു ;

(ബി) ഇതിനായി എത്ര തസ്തികൾ പുതുതായി സൃഷ്ടിച്ചെന്ന് വ്യക്തമാക്കാമോ ; ഈ വകുപ്പിന്റെ പ്രവർത്തനം ആരംഭിച്ചോ ;

(സി) ഈ വകുപ്പ് രൂപീകരണം കൊണ്ട് സർക്കാർ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ക്ഷേമപ്രവർത്തനങ്ങളെന്തെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly